"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ്- ബ്ലോക്ക് ലോൺ കുടിശ്ശിക ഈടാക്കുന്നതിനായി ശ്രീ.വേലായുധനിൽ നിന്നും ജപ്തി ചെയ്ത് ബോട്ട്-ഇൻ-ലാൻഡ് ആക്കിയ മലപ്പുറം ജില്ലയിലെ തിരൂർ താലൂക്ക് കാട്ടിപ്പരുത്തി വില്ലേജിൽ റീ സർവ്വെ നം. 213/1ൽപ്പെട്ട 8 സെന്റ് ഭൂമി, കുടിശ്ശിക ഒടുക്കുന്നതിൽ നിന്നും അപേക്ഷകനെ ഒഴിവാക്കിയ സാഹചര്യത്തിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച്, തിരികെ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ(എച്ച്) വകുപ്പ്

സ.ഉ.(കൈ) നം.11/2026/RD തീയതി,തിരുവനന്തപുരം, 08-01-2026

പരാമർശം:-

1. 09.02.1968-ലെ സ.ഉ(എം.എസ്)88/68/റവ നമ്പർ സർക്കാർ ഉത്തരവ്.
2. 27.12.1991 ലെ പെരിന്തൽമണ്ണ റവന്യൂ ഡിവിഷണൽ ഓഫീസറുടെ B-8998/89 നമ്പർ സാക്ഷ്യപത്രം.
3. 12.03.1998 ലെ തിരൂർ തഹസീൽദാരുടെ .R1-81/86-87 നമ്പർ ഉത്തരവ്
4. 19.03.2020 ലെ തിരൂർ തഹസീൽദാർ(ഭൂരേഖ)-യുടെ B2-4426/20 നമ്പർ നടപടിക്രമം.
5. മലപ്പുറം ജില്ലാ കളക്ടറുടെ 01.02.2022, 29.06.2024 തീയതികളിലെ DCMPM/1244/2022-D5 നമ്പർ കത്തുകൾ.

ഉത്തരവ്

1984-85 വർഷത്തിൽ RLEGB പദ്ധതി പ്രകാരം പിലാക്കോളിൽ പറമ്പിൽ, കാട്ടിപ്പരുത്തി ശ്രീ. വേലായുധന് അനുവദിച്ച വീടിന്റെ പണി പൂർത്തീകരിക്കാൻ വൈകിയതിനാൽ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറുടെ അർത്ഥനയുടെ അടിസ്ഥാനത്തിൽ ബ്ലോക്ക് ലോൺ കുടിശ്ശിക ഈടാക്കുന്നതിനായി ടിയാനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച്, ടിയാന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ കാട്ടിപ്പരുത്തി വില്ലേജിൽ റീ സർവ്വെ നം. 213/1ൽപ്പെട്ട 8 സെന്റ് ഭൂമി 17.09.1987 ൽ ജപ്തി ചെയ്ത് ബോട്ട് ഇൻ ലാൻഡാക്കി പരാമർശം (2) പ്രകാരം ലേലം സ്ഥിരീകരിച്ചിരുന്നു. കുടിശ്ശികക്കാരൻ വീടിന്റെ പണി പൂർത്തീകരിച്ചതിനാൽ കുടിശ്ശിക അടവാക്കുന്നതിൽ നിന്നും ടിയാനെ ഒഴിവാക്കിയതായി കുറ്റിപ്പുറം ബി.ഡി.ഒ അറിയിച്ചതിനെ തുടർന്ന്, പരാമർശം (3) പ്രകാരം കേരള റവന്യൂ റിക്കവറി നിയമം, വകുപ്പ് 42 പ്രകാരം ഫോറം 14 പുറപ്പെടുവിച്ച് ടിയാന്റെ പേരിലുള്ള ജപ്തി നടപടികൾ പിൻവലിച്ചിരുന്നു. എന്നാൽ ഭൂമി വിട്ടു കൊടുത്തതായി വില്ലേജ് രേഖകളിലോ താലൂക്ക് രജിസ്റ്ററിലോ രേഖപ്പെടുത്താതിരുന്നതുമൂലം പ്രസ്തുത ഭൂമി ബോട്ട് ഇൻ ലാൻഡ് ഭൂമികളുടെ ലിസ്റ്റിൽ ഉൾപ്പെട്ടു വരികയും ചെയ്തു. അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനയിൽ ബോട്ട് ഇൻ ലാൻഡ് ഭൂമികൾ പുറമ്പോക്കാക്കി മാറ്റുന്നതിന് കർശന നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് ടി ഭൂമി പരാമർശം (4) പ്രകാരം റവന്യൂ പുറമ്പോക്കാക്കി മാറ്റി സബ് ഡിവിഷൻ റിക്കാർഡുകൾ

തയ്യാറാക്കിയിരുന്നു.

2) ഭൂനികുതി അടവാക്കുന്നതിന് അനുവദിക്കണമെന്നാവശ്യപ്പെട്ട് തിരൂർ തഹസീൽദാർ മുമ്പാകെ കുടിശ്ശികകക്ഷി സമർപ്പിച്ചിരുന്ന അപേക്ഷയോടൊപ്പം ഫോറം 14 കൂടി ഹാജരാക്കിയപ്പോഴാണ് ബോട്ട് ഇൻ ലാൻഡ് വിട്ടു കൊടുത്ത വിവരം അറിയുന്നതെന്നും എന്നാൽ ബോട്ട് ഇൻ ലാൻഡ് തഹസീൽദാർ വിട്ടു നൽകിയ വിവരം വില്ലേജ് രേഖകളിലോ താലൂക്ക് രജിസറ്ററിലോ രേഖപ്പെടുത്തിയിരുന്നില്ലെന്നും പരാമർശം(5) പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 12.03.1998 ൽ കക്ഷിക്ക് ഭൂമി വിട്ടു കൊടുത്തുകൊണ്ട് കേരള റവന്യൂ റിക്കവറി നിയമം സെക്ഷൻ 42 പ്രകാരം ഫോറം 14 നൽകിയതിനാലും നിലവിൽ കുടിശ്ശിക ഒന്നും തന്നെ ഇല്ലാത്തതിനാലും, റവന്യൂ റിക്കവറി നടപടികൾ നിലവിലില്ലാത്തതിനാലും, പട്ടിക ജാതിക്കാരനായ കക്ഷിയും കുടുംബവും പ്രസ്തുത ഭൂമിയിൽ വീട് വെച്ച് താമസിച്ച് വരുന്നതിനാലും, കൈവശക്കാരനും കുടുംബത്തിനും മറ്റ് ഭൂമികൾ ഇല്ലായെന്ന് തിരൂർ തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും, ബോട്ട് ഇൻ ലാൻഡാക്കിയതും, പിന്നീട് പുറമ്പോക്കാക്കി മാറ്റിയതുമായ പ്രസ്തുത ഭൂമി നിലവിലെ നിയമത്തിൽ ഇളവ് വരുത്തി, പ്രത്യേക കേസായി പരിഗണിച്ച്, കക്ഷിക്ക് തിരികെ നൽകുന്നതിന് സർക്കാർ തലത്തിൽ ഉത്തരവാകണമെന്ന് പരാമർശം(5) പ്രകാരം ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബോട്ട്-ഇൻ-ലാൻഡാക്കിയ വസ്തു ലേല സ്ഥിരീകരണം ചെയ്ത് അഞ്ച് വർഷത്തിനകം അപേക്ഷിക്കുന്ന പക്ഷം തിരികെനൽകുന്നതിന് 2024 ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ആക്റ്റിൽ വകുപ്പ് 50എ-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, പ്രസ്തുത ആക്റ്റിന് വകുപ്പ് 1(2) പ്രകാരം ഉടൻ പ്രാബല്യമാണ് നൽകിയിട്ടുള്ളത്. അതിനാൽ 27/12/1991 ൽ ലേല സ്ഥിരീകരണം നടത്തിയ ശ്രീ. വേലായുധന്റെ തിരൂർ താലൂക്കിലെ, കാട്ടിപ്പരുത്തി വില്ലേജിലെ 8 സെന്റ് ഭൂമിയ്ക്ക് ടി ഭേദഗതി ബാധകമാകുകയില്ല. കൂടാതെ, ശ്രീ വേലായുധന്റെ ഭൂമി ബോട്ട് ഇൻ ലാൻഡാക്കിയപ്പോൾ നിലനിന്നിരുന്ന പരാമർശം(1) ഉത്തരവ് പ്രകാരം ബോട്ട്-ഇൻ-ലാൻഡ് ആയി സ്ഥിരീകരണം ലഭിച്ച് 2 വർഷത്തിനു ശേഷം ആയത് തിരികെ ലഭിക്കുന്നതിനായി അപേക്ഷിക്കുന്ന ആർക്കും തന്നെ ഭൂമി തിരികെ നൽകേണ്ടതില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. 1984-85 വർഷത്തിൽ അനുവദിച്ച വീടിന്റെ പണി പൂർത്തീകരിച്ചതിനാൽ കുടിശ്ശിക അടവാക്കുന്നതിൽ നിന്നും അപേക്ഷകനെ അർത്ഥനാധികാരി ഒഴിവാക്കിയിട്ടുള്ളതിനാലും 12.03.1998 ൽ കക്ഷിക്ക് ഭൂമി വിട്ടു കൊടുത്തുകൊണ്ട് കേരള റവന്യൂ റിക്കവറി നിയമം, സെക്ഷൻ 42 പ്രകാരം ഫോറം 14 തഹസീൽദാർ നൽകിയതിനാലും, ടിയാനെതിരെ റവന്യൂ റിക്കവറി നടപടികൾ നിലവിലില്ലാത്തതിനാലും, പട്ടിക ജാതിക്കാരനായ കക്ഷിയും കുടുംബവും പ്രസ്തുത ഭൂമിയിൽ വീട് വെച്ച് താമസിച്ച് വരുന്നതിനാലും, ടിയാനും കുടുംബത്തിനും മറ്റ് ഭൂമികൾ ഇല്ലായെന്ന ജില്ലാകളക്ടറുടെ റിപ്പോർട്ടു അടിസ്ഥാനമാക്കിയും ബ്ലോക്ക് ലോൺ കുടിശ്ശിക ഈടാക്കുന്നതിനായി ശ്രീ. വേലായുധനിൽ നിന്നും ജപ്തി ചെയ്ത് ബോട്ട് ഇൻ ലാൻഡ് ആക്കി 27/12/1991 ൽ ലേലം സ്ഥിരീകരിച്ച് 19.03.2020 ൽ പുറമ്പോക്കാക്കി മാറ്റിയ മലപ്പുറം ജില്ലയിലെ തിരൂർ താലൂക്ക് കാട്ടിപ്പരുത്തി വില്ലേജിൽ റീ.സർവ്വേ 213/1 ൽപ്പെട്ട 8 സെന്റ് ഭൂമി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, ഭൂമിയുടെ കമ്പോള വില ഈടാക്കാതെ അപേക്ഷകന് തിരികെ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) മലപ്പുറം ജില്ലാ കളക്ടർ രേഖകളുടെ ആധികാരികത ഉറപ്പു വരുത്തി മേൽ പരാമർശിച്ച ഭൂമി തിരികെ നൽകുന്നതിനുള്ള നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

ശ്രീ. വേലായുധൻ, S/o കുഞ്ഞക്കൻ, പിലാക്കോളിൽ പറമ്പിൽ, കാട്ടിപ്പരുത്തി, മലപ്പുറം.
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, മലപ്പുറം.

തഹസീൽദാർ, തിരൂർ താലൂക്ക്, മലപ്പുറം
പൊതുഭരണ(എസ് സി) വകുപ്പ്-07.01.206 ലെ ഇനം നമ്പർ 3520 പ്രകാരം
നിയമ വകുപ്പ്(OPN-G2/100/2025-LAW dated 10.06.2025)
ധനകാര്യ വകുപ്പ്(E-2884454/EXP-D3/83/2024-FIN dated 22.09.2025)
ഡയറക്ടർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ വിവരം പൊതുജന സമ്പർക്ക വകുപ്പ്(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Misha C P
Date: 09-01-2026 09:52:07

സെക്ഷൻ ഓഫീസർ

ബഹു. റവന്യൂ വകുപ്പ മന്ത്രിയുടെ പി.എസ്. ന്
റവന്യൂ (എച്ച്) വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്
റവന്യൂ (എച്ച്) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിക്ക്.

രഹസ്യം

കേരള സർക്കാർ

മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 07-01-2026

ഫയൽ നം. REV-H1/28/2022/REV. ഇനം നം: 3520

വിഷയം : റവന്യൂ വകുപ്പ് - ബ്ലോക്ക് ലോൺ കുടിശ്ശിക ഈടാക്കുന്നതിനായി ശ്രീ. വേലായുധൻ-ൽ നിന്നും ജപ്തി ചെയ്ത് ബോട്ട്-ഇൻ-ലാൻഡ് ആക്കി 27.12.1991-ൽ ലേലം സ്ഥിരീകരിച്ച് പുറമ്പോക്കാക്കിയ മലപ്പുറം ജില്ലയിലെ തിരൂർ താലൂക്ക്, കാട്ടിപ്പരുത്തി വില്ലേജിൽ റീ-സർവ്വേ നം.213/1-ൽപ്പെട്ട 8 സെന്റ് ഭൂമി, കുടിശ്ശിക ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയ സാഹചര്യത്തിൽ, ഒരു പ്രത്യേക കേസായി പരിഗണിച്ച് തിരികെ നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

3520

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1	ഫയൽ നമ്പർ	:	REV-H1/28/2022-REV
2	വകുപ്പ്	:	റവന്യൂ (എച്ച്) വകുപ്പ്
3	വിഷയം	:	റവന്യൂ വകുപ്പ്- ബ്ലോക്ക് ലോൺ കുടിശ്ശിക ഈടാക്കുന്നതിനായി ശ്രീ. വേലായുധൻ-ൽ നിന്നും ജപ്തി ചെയ്ത് ബോട്ട്-ഇൻ-ലാൻഡ് ആക്കി 27/12/1991ൽ ലേലം സ്ഥിരീകരിച്ച് പുറമ്പോക്കാക്കിയ മലപ്പുറം ജില്ലയിലെ തിരൂർ താലൂക്ക് കാട്ടിപ്പരുത്തി വില്ലേജിൽ റീ സർവ്വെ നം. 213/1ൽപ്പെട്ട 8 സെന്റ് ഭൂമി, കുടിശ്ശിക ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയ സാഹചര്യത്തിൽ, ഒരു പ്രത്യേക കേസായി പരിഗണിച്ച് തിരികെ നൽകുന്നത് -സംബന്ധിച്ച്.
4	മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി	:	27.11.2025
5	(i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ?	: :	അതെ ഉണ്ട് ഉണ്ട്
6	മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ?	:	ഉണ്ട്, നിയമവകുപ്പ്
7	കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര്	:	ശ്രീമതി കെ. സ്നേഹലത
8	കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര്	:	ശ്രീ.എം.ജി രാജമാണിക്കം
9	മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി	:	23.12.2025
10	കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്	:	ഡോ. എ.ജയതിലക്
11	മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി	:	05.01.2026
12	കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്	:	ശ്രീ. കെ. രാജൻ
13	മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി	:	06.01.2026
14	കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി	:	06.01.2026
15	മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി	:	
16	തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും	:	

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബ്ലോക്ക് ലോൺ കുടിശ്ശിക ഈടാക്കുന്നതിനായി കാട്ടിപ്പരുത്തി പിലാക്കോളിൽ പറമ്പിൽ ശ്രീ. വേലായുധൻ-ൽ നിന്നും ജപ്തി ചെയ്ത് ബോട്ട്-ഇൻ-ലാൻഡ് ആക്കി 27/12/1991 ൽ ലേലം സ്ഥിരീകരിച്ച് പുറമ്പോക്കാക്കിയ, മലപ്പുറം ജില്ലയിലെ തിരൂർ താലൂക്ക് കാട്ടിപ്പരുത്തി വില്ലേജിൽ റീ സർവ്വെ നം. 213/1 ൽപ്പെട്ട 8 സെന്റ് ഭൂമി, ടിയാനെതിരെ റവന്യൂ റിക്കവറി നടപടികൾ നിലവിലില്ലാത്ത സാഹചര്യത്തിൽ, ഒരു പ്രത്യേക കേസായി പരിഗണിച്ച്, കമ്പോള വില ഈടാക്കാതെ തിരികെ നൽകുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. 1984-85 വർഷത്തിൽ RLEGB പദ്ധതി പ്രകാരം ശ്രീ. വേലായുധന് അനുവദിച്ച വീടിന്റെ പണി പൂർത്തീകരിക്കാൻ വൈകിയതിനാൽ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറുടെ അർത്ഥനയുടെ അടിസ്ഥാനത്തിൽ ടിയാനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച്, ടിയാന്റെ പേരിലുണ്ടായിരുന്ന മലപ്പുറം ജില്ലയിലെ തിരൂർ താലൂക്ക് കാട്ടിപ്പരുത്തി വില്ലേജിൽ റീ സർവ്വെ നം. 213/1 ൽപ്പെട്ട 8 സെന്റ് ഭൂമി 17.09.1987 ൽ ജപ്തി ചെയ്ത് ബോട്ട് ഇൻ ലാൻഡാക്കി 27/12/1991 ൽ ലേലം സ്ഥിരീകരിച്ച് 2020 ൽ പുറമ്പോക്കാക്കിയിരുന്നു. ഭൂമി ബോട്ട് ഇൻ ലാൻഡാക്കി ഏറ്റെടുക്കുന്ന സമയത്ത് എസ്.സി. വിഭാഗത്തിൽപ്പെട്ട കുടിശ്ശികക്കാരൻ ടി ഭൂമിയിൽ വീട് വെച്ച് താമസിച്ചു വരികയാണെന്നും, ടിയാനെ ഒഴിപ്പിച്ചു മാത്രമേ ടി ഭൂമി പുറമ്പോക്കാക്കി മാറ്റാൻ സാധിക്കൂ എന്നും അന്നത്തെ റവന്യൂ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. കുറ്റിപ്പുറം ബി.ഡി.ഒയുടെ 08.01.1997 തീയതിയിലെ ഇ-895/97 നമ്പർ കത്ത് പ്രകാരം കുടിശ്ശികക്കാരൻ വീടിന്റെ പണി പൂർത്തിയാക്കിയിട്ടുള്ളതിനാൽ കുടിശ്ശിക അടവാക്കുന്നതിൽ നിന്നും ടിയാനെ ഒഴിവാക്കിയതായും ജില്ലാ കളക്ടർ അറിയിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 12.03.1998 ൽ കക്ഷിക്ക് ഭൂമി വിട്ടു കൊടുത്തുകൊണ്ട്, കേരള റവന്യൂ റിക്കവറി സെക്ഷൻ 42 പ്രകാരം ഫോറം 14, തഹസിൽദാർ നൽകുകയുണ്ടായി. 28.03.1987 ൽ ബോട്ട് ഇൻ ലാൻഡാക്കി ഏറ്റെടുത്ത ഭൂമി 12.03.1998 ൽ വിട്ടു കൊടുത്തുകൊണ്ട് തഹസിൽദാർ ഉത്തരവായതിന്റെ സാഹചര്യം വ്യക്തമല്ല എന്നും അപ്രകാരം ഭൂമി വിട്ടു

നൽകുന്നതിന് ഗവൺമെന്റ് നിർദ്ദേശങ്ങൾ ലഭിച്ചതായി ഫയലിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല എന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. തുടർന്ന് ടി ഭൂമി ബോട്ട് ഇൻ ലാൻഡ് ഭൂമികളുടെ ലിസ്റ്റിൽ ഉൾപ്പെട്ടുവരികയും, അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനയിൽ ബോട്ട് ഇൻ ലാൻഡ് ഭൂമികൾ പുറമ്പോക്കാക്കി മാറ്റുന്നതിന് കർശന നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് തിരൂർ താലൂക്കിലെ 19.03.2020 തീയതിയിലെ ബി 2-4426/20 ഉത്തരവ് പ്രകാരം റവന്യൂ പുറമ്പോക്കാക്കി മാറ്റി സബ് ഡിവിഷൻ റിക്കാർഡുകൾ തയ്യാറാക്കിയിട്ടുള്ളതുമായിരുന്നു. ഭൂനികുതി അടവാക്കുന്നതിന് അനുവദിക്കണമെന്നാവശ്യപ്പെട്ട് തിരൂർ തഹസീൽദാർ മുമ്പാകെ കുടിശ്ശികകക്ഷി സമർപ്പിച്ചിരുന്ന അപേക്ഷക്കൊപ്പം ഫോറം 14 ഹാജരാക്കിയപ്പോഴാണ് പഴയ റവന്യൂ റിക്കവറി ഫയൽ, റിക്കാർഡ്സിൽ നിന്നും എടുത്ത് പരിശോധിക്കുന്നതും, ബോട്ട് ഇൻ ലാൻഡ് വിട്ടു കൊടുത്ത വിവരം അറിയുന്നതെന്നും എന്നാൽ ബോട്ട് ഇൻ ലാൻഡ് തഹസീൽദാർ വിട്ടു നൽകിയ വിവരം വില്ലേജ് രേഖകളിലോ താലൂക്ക് രജിസ്റ്ററിലോ രേഖപ്പെടുത്തിയിരുന്നില്ലെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. 12.03.1998 ൽ കക്ഷിക്ക് ഭൂമി വിട്ടു കൊടുത്തുകൊണ്ട് കേരള റവന്യൂ റിക്കവറി നിയമം സെക്ഷൻ 42 പ്രകാരം ഫോറം 14 നൽകിയതിനാലും നിലവിൽ കുടിശ്ശിക ഒന്നും തന്നെ ഇല്ലാത്തതിനാലും, റവന്യൂ റിക്കവറി നടപടികൾ നിലവിലില്ലാത്തതിനാലും, പട്ടിക ജാതിക്കാരനായ കക്ഷിയും കുടുംബവും പ്രസ്തുത ഭൂമിയിൽ വീട് വെച്ച് താമസിച്ച് വരുന്നതിനാലും, കൈവശക്കാരനും കുടുംബത്തിനും മറ്റ് ഭൂമികൾ ഇല്ലായെന്ന് തിരൂർ തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും, ബോട്ട് ഇൻ ലാൻഡാക്കിയതും, പിന്നീട് പുറമ്പോക്ക് ആക്കിയതുമായ പ്രസ്തുത ഭൂമി നിലവിലെ നിയമത്തിൽ ഇളവ് വരുത്തി, പ്രത്യേക കേസായി പരിഗണിച്ച്, കക്ഷിക്ക് തിരികെ നൽകുന്നതിന് സർക്കാർ തലത്തിൽ ഉത്തരവാകണമെന്ന് മലപ്പുറം ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

5. ബോട്ട് ഇൻ ലാൻഡാക്കി 27/12/1991 ൽ ലേല സ്ഥിരീകരണം നടത്തിയ ഭൂമി സർക്കാർ ഉത്തരവില്ലാതെ 12.03.1998 ൽ കേരള റവന്യൂ റിക്കവറി നിയമം സെക്ഷൻ 42 പ്രകാരമുള്ള ഫോറം 14 നൽകി കക്ഷിക്ക് ഭൂമി വിട്ടു കൊടുത്ത തഹസീൽദാരുടെ നടപടി തെറ്റാണ്. ആയതിന്മേൽ നടപടി സ്വീകരിക്കുന്നതിനായി റവന്യൂ(ഡി ബി) വകുപ്പിന് നിർദ്ദേശം നൽകിയിരുന്നെങ്കിലും ടിയാൻ 2006 ൽ വിരമിച്ചതിനാലും പെൻഷൻ ആനുകൂല്യങ്ങൾ എല്ലാം നൽകി കഴിഞ്ഞതിനാലും, ടി വിഷയത്തിൽ സർക്കാരിനുണ്ടായ നഷ്ടം തിരിച്ചു പിടിക്കാനുള്ള ഏക മാർഗ്ഗം സിവിൽ കേസ്

ഫയൽ ചെയ്യുക എന്നതാണെന്നും, ആയത് ഫലവത്താകാൻ സാധ്യത ഇല്ലാത്തതിനാലും ടിയാനെതിരെ നടപടികളൊന്നും സ്വീകരിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടുള്ളതായി പ്രസ്തുത വകുപ്പ് അറിയിച്ചിരുന്നു.

6. 01.03.2013 ലെ സ.ഉ(എം.എസ്).76/13/റവ, 03.05.2013 ലെ സ.ഉ(എം.എസ്).181/13/റവ നമ്പർ ഉത്തരവുകൾ പ്രകാരം, ബോട്ട് ഇൻ ലാൻഡ് ഭൂമി, ഏറ്റെടുത്ത് അഞ്ച് വർഷത്തിനുശേഷം തിരികെ നൽകുന്നതിന് സർക്കാരിന് ബാധ്യതയില്ലാത്തതാണ്. KRR ആക്ട് ഭേദഗതി 26.07.2024 ൽ നിലവിൽ വരുന്നതിന് മുൻപ് മേൽ ഉത്തരവുകളിൽ ഇളവ് വരുത്തിയാണ് ബോട്ട് ഇൻ ലാൻഡ് ആക്കിയ വസ്തുക്കൾ തിരികെ നൽകിയിരുന്നത്. 2024 ലെ കേരള റവന്യൂ റിക്കവറി ഭേദഗതി ആക്ടിലെ സെക്ഷൻ 50 –എ പ്രകാരവും ബോട്ട് ഇൻ ലാൻഡ് ആക്കിയ ഭൂമി 5 വർഷത്തിന് ശേഷം തിരികെ നൽകാൻ വ്യവസ്ഥയില്ല. എങ്കിലും, 12.03.1998 ൽ കക്ഷിക്ക് ഭൂമി വിട്ടു കൊടുത്തുകൊണ്ട് കേരള റവന്യൂ റിക്കവറി നിയമം സെക്ഷൻ 42 പ്രകാരം ഫോറം 14 തഹസിൽദാർ നൽകിയതിനാലും, ടി കക്ഷിയെ കുടിശ്ശിക അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയതിനാലും, ടിയാനെതിരെ റവന്യൂ റിക്കവറി നടപടികൾ നിലവിലില്ലാത്തതിനാലും, പട്ടിക ജാതിക്കാരനായ കക്ഷിയും കുടുംബവും പ്രസ്തുത ഭൂമിയിൽ വീട് വെച്ച് താമസിച്ച് വരുന്നതിനാലും, കൈവശക്കാരനും കുടുംബത്തിനും മറ്റ് ഭൂമികൾ ഇല്ലായെന്ന് തിരൂർ തഹസിൽദാർ റിപ്പോർട്ട് ചെയ്തിരുന്നതിനാലും, 27/12/1991 ൽ ലേല സ്ഥിരീകരണം നടത്തിയതിനുശേഷം പുറമ്പോക്കാക്കിയ 8 സെന്റ് ബോട്ട് ഇൻ ലാൻഡ്, നിലവിലെ നിയമത്തിൽ ഇളവ് വരുത്തി കമ്പോള വില ഈടാക്കാതെ കുടിശ്ശികക്കാരന് തിരികെ നൽകുന്നത് സംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു.

7. ഇക്കാര്യത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"വീട് പണിപൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട് ബ്ലോക്ക് കുടിശ്ശിക ഈടാക്കുന്നതിനായി ശ്രീ വേലായുധൻ എന്നയാളുടെ തിരൂർ താലൂക്കിലെ, കാട്ടിപ്പരുത്തി വില്ലേജിലെ 8 സെന്റ് 09/02/1987 ൽ ജപ്തി ചെയ്ത് ബോട്ട് ഇൻ ലാൻഡാക്കുകയും 27/12/1991 ൽ ലേല സ്ഥിരീകരണം നടത്തിയിട്ടുള്ളതാണ്. എന്നാൽ കുറ്റിപ്പുറം ബി.ഡി.ഒ യുടെ 08.01.1997 ലെ കത്ത് പ്രകാരം പണി പൂർത്തിയാക്കിയിട്ടുള്ളതിനാൽ കുടിശ്ശിക

അടവാക്കുന്നതിൽ നിന്നും ടിയാനെ ഒഴിവാക്കിയതായും അറിയിച്ചതിനെ തുടർന്ന് 12.03.1998 ൽ കക്ഷിക്ക് ഭൂമി വിട്ടു കൊടുത്തുകൊണ്ട് കേരള റവന്യൂ റിക്കവറി സെക്ഷൻ 42 പ്രകാരം ഫോറം 14 നൽകിയിരുന്നു.

2) തുടർന്ന്, ബോട്ട് ഇൻ ലാൻഡ് ഭൂമികൾ പുറമ്പോക്കാക്കി മാറ്റുന്നതിന് കർശന നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് തിരൂർ താലൂക്കിലെ 19.03.2020 തീയതിയിലെ ബി 2-4426/20 ഉത്തരവു പ്രകാരം റവന്യൂ പുറമ്പോക്കാക്കി മാറ്റി സബ് ഡിവിഷൻ റിക്കാർഡുകൾ തയ്യാറാക്കിയിട്ടുള്ളതുമാണെന്നും ഭൂനികുതി അടവാക്കുന്നതിന് കക്ഷി സമർപ്പിച്ചിട്ടുള്ള അപേക്ഷക്കൊപ്പം ഫോറം 14 ഹാജരാക്കിയപ്പോഴാണ് പുറമ്പോക്കാക്കിയ വസ്തുത മനസ്സിലായതെന്ന് ഭരണ വകുപ്പ് അറിയിച്ചിരിക്കുന്നു.

12.03.1998 ൽ കക്ഷിക്ക് ഭൂമി വിട്ടു കൊടുത്തുകൊണ്ട് കേരള റവന്യൂ റിക്കവറി സെക്ഷൻ 42 പ്രകാരം ഫോറം 14 നൽകിയതിനാലും, നിലവിൽ കുടിശ്ശിക ഒന്നും തന്നെ ഇടാക്കാനില്ലാത്തതിനാലും, റവന്യൂ റിക്കവറി നടപടികൾ നിലവിലില്ലാത്തതിനാലും, പട്ടിക ജാതിക്കാരനായ കക്ഷിയും കുടുംബവും പ്രസ്തുത ഭൂമിയിൽ വീട് വെച്ച് താമസിച്ച് വരുന്നതിനാലും, കൈവശക്കാരനും കുടുംബത്തിനും മറ്റ് ഭൂമികൾ ഇല്ലായെന്ന് തിരൂർ തഹസിൽദാരുടെ റിപ്പോർട്ട് പ്രകാരവും, നിലവിലെ നിയമത്തിൽ ഇളവ് വരുത്തി പ്രത്യേക കേസായി പരിഗണിച്ച് ബോട്ട് ഇൻ ലാൻഡാക്കിയതും, പിന്നീട് പുറമ്പോക്ക് ആക്കിയതുമായ പ്രസ്തുത ഭൂമി കക്ഷിക്ക് തന്നെ തിരികെ നൽകുന്നതിന് സർക്കാർ തലത്തിൽ ഉത്തരവാകണമെന്നതാണ് മലപ്പുറം ജില്ലാ കളക്ടറുടെ ആവശ്യം. ഇക്കാര്യത്തിൽ മുൻപ് നിയമ വകുപ്പിന്റെ അഭിപ്രായം ചുവടെ പറയും പ്രകാരമായിരുന്നു;

"12/03/1998 ലെ തീരുമാന പ്രകാരം കുടിശ്ശികക്കാരന് തന്നെ ഭൂമി മടക്കി നൽകിയ നടപടി സർക്കാർ സാധൂകരിക്കാൻ ഉദ്ദേശിക്കുന്നപക്ഷം നിലവിൽ പുറമ്പോക്ക് ആയി റവന്യൂ രേഖകളിൽ ഉൾപ്പെടുത്തിയ ഭൂമിയെ

പ്രസ്തുത ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ടെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു"

1968 ലെ കേരള റവന്യൂ റിക്കവറി ആക്ട് ഭേദഗതി ചെയ്തുകൊണ്ട് 2024 –ൽ വകുപ്പ് 50 –എ യിൽ ബോട്ട് ഇൻ ലാൻഡ് തിരികെ നൽകുന്നതിന് വ്യവസ്ഥ ഉൾപ്പെടുത്തി 26.07.24 ൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ബോട്ട് ഇൻ ലാൻഡ് ആക്കിയ ഭൂമി 5 വർഷത്തിന് ശേഷം ഹർജിക്കാരന് തിരികെ നൽകാൻ നിലവിൽ വ്യവസ്ഥയില്ല. 12.03.1998 ൽ കക്ഷിക്ക് ഭൂമി വിട്ടു കൊടുത്തുകൊണ്ട് കേരള റവന്യൂ റിക്കവറി വകുപ്പ് 42 പ്രകാരം ഫോറം 14 തഹസീൽദാർ നൽകിയതിനാലും, നിലവിൽ കുടിശ്ശിക ഒന്നും തന്നെ ഇടാക്കാനില്ലാത്തതിനാലും, റവന്യൂ റിക്കവറി നടപടികൾ നിലവിലില്ലാത്തതിനാലും, പട്ടിക ജാതിക്കാരനായ കക്ഷിയും കുടുംബവും പ്രസ്തുത ഭൂമിയിൽ വീട് വെച്ച് താമസിച്ച് വരുന്നതിനാലും, കൈവശക്കാരനും കുടുംബത്തിനും മറ്റ് ഭൂമികൾ ഇല്ലായെന്ന് തിരൂർ തഹസിൽദാരുടെ റിപ്പോർട്ടും അടിസ്ഥാനമാക്കി 27/12/1991 ൽ ലേല സ്ഥിരീകരണം നടത്തിയതിനുശേഷം പുറമ്പോക്ക് ലിസ്റ്റിൽ ഉൾപ്പെട്ട 8 സെന്റ് ബോട്ട് ഇൻ ലാൻഡ് കമ്പോള വില ഈടാക്കാതെ കുടിശ്ശിക്കാരന് തിരികെനൽകുന്നത് സംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായമാണ് ഭരണവകുപ്പ് ഇപ്പോൾ ആരാഞ്ഞിരിക്കുന്നത്.

2024 –ലെ കേരള റവന്യൂ റിക്കവറി (ഭേദഗതി) ആക്ടിന്റെ 50 എ താഴെപ്പറയും പ്രകാരം വ്യവസ്ഥ ചെയ്യുന്നു;

" 50 എ. ബോട്ട് ഇൻ ലാന്റ് തിരികെ നല്കൽ. – (1) വില്പന സ്ഥിരീകരിച്ച തീയതി മുതൽ അഞ്ച് വർഷക്കാലയളവിനുള്ളിൽ , ബോട്ട് ഇൻ ലാന്റ് തിരികെ നല്കാൻ വീഴ്ചക്കാരൻ അപേക്ഷിക്കുന്ന പക്ഷം, കളക്ടറുടെ അനുമതിയോടുകൂടി അപേക്ഷിക്കുന്ന തീയതി വരെയുള്ള പ്രോസസിംഗ് ചാർജ്ജും പലിശയും ഉൾപ്പെടെയുള്ള മുഴുവൻ നികുതി കുടിശ്ശികയും ഒടുക്കിയതിനുശേഷം കളക്ടർ, അപ്രകാരം പണമടച്ചതിന്റെ യഥാർത്ഥ രസീത് അല്ലെങ്കിൽ ട്രഷറി ചെലാൻ സ്വീകരിച്ച് കുടിശ്ശിക പൂർ

ണ്ണമായി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയ ശേഷം, അത്തരത്തിലുള്ള ബോട്ട് ഇൻ ലാന്റ് വീഴ്ചക്കാരന് തിരികെ നല്കാൻ ഉത്തരവ് നല്കേണ്ടതാണ്. ഈ ആക്റ്റിന്റെ 71-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനത്തിനുവേണ്ടിയാണ് വസ്തു ബോട്ട് ഇൻ ലാന്റ് ആയി വാങ്ങിയിട്ടുള്ള സംഗതികളിൽ, വില്പന സ്ഥിരീകരിച്ച തീയതി മുതൽ അഞ്ച് വർഷ കാലയളവിനുള്ളിൽ, വീഴ്ചക്കാരൻ ബോട്ട് ഇൻ ലാന്റ് തിരികെ നല്കാൻ അപേക്ഷിച്ചാൽ, കളക്ടറുടെ അനുമതിയോടെ അപേക്ഷിക്കുന്ന തീയതി വരെയുള്ള മുഴുവൻ നികുതി കുടിശ്ശികയും പലിശയും പ്രോസസ്സിംഗ് ചാർജ്ജും ഉൾപ്പെടെയുള്ളവ ഒടുക്കിയതിനുശേഷം ബന്ധപ്പെട്ട സ്ഥാപനത്തിന് ബോധ്യപ്പെടുന്ന പക്ഷം, ബോട്ട് ഇൻ ലാന്റ് വീഴ്ചക്കാരന് തിരികെ നല്കാവുന്നതാണ്.

(2) ബോട്ട് ഇൻ ലാന്റിന്റെ അത്തരം വില്പന സ്ഥിരീകരിച്ച തീയതി മുതൽ അഞ്ച് വർഷത്തിനു ശേഷം ആയത് തിരികെ നല്കുവാനുള്ള യാതൊരു അപേക്ഷയും പരിഗണിക്കുവാൻ പാടുള്ളതല്ല.

(3) ഗവൺമെന്റോ ഈ ആക്റ്റിലെ 71-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനമോ പ്രസ്തുത അഞ്ച് വർഷക്കാലത്തേയ്ക്ക് വസ്തു കൈമാറ്റം ചെയ്യുവാനോ പൊതു ആവശ്യത്തിലേയ്ക്ക് വസ്തു നീക്കി വയ്ക്കുവാനോ പാടില്ലാത്തതും , അത്തരം കാലയളവിൽ വസ്തുവിൽ യാതൊരു മാറ്റവും വരുത്തുവാൻ പാടില്ലാത്തതുമാണ്.

വിശദീകരണം:- ഈ വകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി, വീഴ്ചക്കാരൻ എന്നതിൽ നിയമാനുസൃത അവകാശികളും ഉൾപ്പെടുന്നതാകുന്നു."

2024 ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ആക്റ്റിൽ ബോട്ട്-ഇൻ-ലാൻഡാക്കിയ വസ്തു തിരികെ ലേല സ്ഥിരീകരണം ചെയ്ത് അഞ്ച് വർഷത്തിനകം അപേക്ഷിക്കുന്ന പക്ഷം തിരികെ നൽകുന്ന വ്യവസ്ഥ വകുപ്പ് 50 എ-ൽ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്. എന്നാൽ, ടി

ആക്ടിന് വകുപ്പ് 1(2) പ്രകാരം ഉടൻ പ്രാബല്യമാണ് നൽകിയിട്ടുള്ളത്. ആയതിനാൽ 27/12/1991 ൽ ലേല സ്ഥിരീകരണം നടത്തിയ ശ്രീ വേലായുധൻ്റെ തിരൂർ താലൂക്കിലെ, കാട്ടിപ്പരുത്തി വില്ലേജിലെ 8 സെൻ്റ് ഭൂമിയ്ക്ക് ടി ഭേദഗതി ബാധകമാകുകയില്ല.

05/11/2024 തീയതിയിലെ A.T.JAMES v. STATE OF KERALA (WP(C) NO. 19645 OF 2017) എന്ന കേസിലെ വിധിന്യായത്തിൽ

"7. Sri.Madhavanunni, the learned counsel for the petitioner in such circumstances, would also rely on the provisions of the Finance Act, 2024, by which Section 50A stood inserted in the RR Act. It is true that the afore provision provided for reconveyance of bought-in-land in certain circumstances provided therein. But the afore amendment only provided a prospective operation. Insofar as the petitioner's property was converted as bought-in-land in 2006, his claim for reconveyance cannot be made with reference to the provisions of Section 50A as inserted in 2024, unless a retrospective operation is extended by the legislature to the said amendment. Insofar as no such retrospective operation is seen extended, the learned counsel may not be justified in relying upon the said provision in support of his contention. "

എന്ന് നിരീക്ഷിച്ചുകൊണ്ട് ബഹു കോടതി ടി കേസിലെ 29.06.2016 ലെ സർക്കാർ ഉത്തരവിൻ്റെ ആനുകൂല്യം ഹർജിക്കാരന് അനുവദിച്ചുകൊണ്ടാണ് വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളത്.

അതായത്, 2024 -ലെ കേരള റവന്യൂ റിക്കവറി (ഭേദഗതി) ആക്ടിനു ഉടൻ പ്രാബല്യം ആണ് പ്രാബല്യം നൽകിയിട്ടുള്ളത് എന്നതിനാൽ പ്രതിപാദ്യ വിഷയത്തിൽ 2024 -ലെ കേരള റവന്യൂ റിക്കവറി (ഭേദഗതി) ആക്ടിൻ്റെ 50 എ ബാധകമാകുന്നതല്ല എന്ന് കാണാവുന്നതാണ്.

എന്നാൽ, ശ്രീ വേലായുധന്റെ ഭൂമി ബോട്ട് ഇൻ ലാൻ ഡാക്കിയപ്പോൾ നിലനിന്നിരുന്ന 09.02.1968-ലെ സ.ഉ(എം.എസ്)88/68/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ബോട്ട്-ഇൻ-ലാൻഡ് ആയി സ്ഥിരീകരണം ലഭിച്ച് 2 വർഷത്തിനു ശേഷം ആയത് തിരികെ ലഭിക്കുന്നതിനായി അപേക്ഷിക്കുന്ന ആർക്കും തന്നെ ഭൂമി തിരികെ നൽകേണ്ടതില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ടിയാന്റെ തിരൂർ താലൂക്കിലെ, കാട്ടിപ്പരുത്തി വില്ലേജിലെ 8 സെന്റ് ഭൂമി ബോട്ട് ഇൻ ലാൻഡാക്കി 27/12/1991 ൽ ലേല സ്ഥിരീകരണം നടത്തിയിട്ടുള്ളതാണ്. പ്രസ്തുത ഭൂമി സർക്കാർ ഉത്തരവില്ലാതെ 12.03.1998 ൽ കേരള റവന്യൂ റിക്കവറി ആക്ട് സെക്ഷൻ 42 പ്രകാരമുള്ള ഫോറം 14 നൽകി തഹസീൽദാർ കക്ഷിക്ക് ഭൂമി വിട്ടു കൊടുത്തിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ, REV-H3/65/2023-REV ഫയലിലെ ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലും നിയമപരമായി ശരിയല്ലായെങ്കിലും 12.03.1998 ൽ കക്ഷിക്ക് ഭൂമി വിട്ടു കൊടുത്തുകൊണ്ട് കേരള റവന്യൂ റിക്കവറി സെക്ഷൻ 42 പ്രകാരം ഫോറം 14 തഹസീൽദാർ നൽകിയതിനാലും നിലവിൽ കുടിശ്ശിക ഒന്നും തന്നെ ഇടാക്കാനില്ലാത്തതിനാലും, റവന്യൂ റിക്കവറി നടപടികൾ നിലവിലില്ലാത്തതിനാലും, പട്ടിക ജാതിക്കാരനായ കക്ഷിയും കുടുംബവും പ്രസ്തുത ഭൂമിയിൽ വീട് വെച്ച് താമസിച്ച് വരുന്നതിനാലും, കൈവശക്കാരനും കുടുംബത്തിനും മറ്റ് ഭൂമികൾ ഇല്ലായെന്ന് തിരൂർ തഹസിൽദാരുടെ റിപ്പോർട്ടും അടിസ്ഥാനമാക്കി 27/12/1991 ൽ ലേല സ്ഥിരീകരണം നടത്തിയതിനുശേഷം പുറമ്പോക്ക് ലിസ്റ്റിൽ ഉൾപ്പെട്ട 8 സെന്റ് ബോട്ട് ഇൻ ലാൻഡ് കമ്പോള വില ഈടാക്കാതെ കുടിശ്ശികക്കാരന് തിരികെനൽകുന്നത് സംബന്ധിച്ച് ഭരണ വകുപ്പിന് ഉചിത തീരുമാനം കൈക്കൊള്ളാവുന്നതാണ്."

8. പ്രസ്തുത വിഷയത്തിൽ ധനവകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"നിയമവകുപ്പിന്റെ അഭിപ്രായത്തോട് ധനവകുപ്പ് യോജിക്കുന്നതായും മലപ്പുറം ജില്ല, തിരൂർ താലൂക്ക്, കാട്ടിപ്പരുത്തി വില്ലേജ് റീ സർവ്വെ 213/1 ൽപ്പെട്ട 8 സെന്റ് ബോട്ട് ഇൻ ലാൻഡാക്കിയതും പിന്നീട് പുറമ്പോക്ക് ആക്കിയതുമായ ഭൂമി ശ്രീ. വേലായുധന് തന്നെ തിരികെ നൽകുന്നതിൽ ഭരണ വകുപ്പിന് ഉചിത തീരുമാനം കൈക്കൊള്ളാവുന്നതാണ് എന്ന് അറിയിക്കുന്നു."

9. മേൽ സാഹചര്യത്തിൽ, ബോട്ട് ഇൻ ലാൻഡാക്കി പുറമ്പോക്ക് ലിസ്റ്റിൽ ഉൾപ്പെട്ട മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ കാട്ടിപ്പരുത്തി വില്ലേജിലെ റീ സർവ്വേ 213/1 ൽ പ്പെട്ട 8 സെന്റ് ഭൂമി ശ്രീ. വേലായുധന് തിരികെ നൽകാവുന്നതാണോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ, പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു."

<u>തീരുമാനിക്കേണ്ട വിഷയം</u>

1984-85 വർഷത്തിൽ RLEGB പദ്ധതി പ്രകാരം വീട് പണിയുന്നതിന് അനുവദിച്ച ബ്ലോക്ക് ലോണിന്റെ കുടിശ്ശിക ഈടാക്കുന്നതിനായി, ശ്രീ. വേലായുധൻ-ൽ നിന്നും ജപ്തി ചെയ്ത് ബോട്ട് ഇൻ ലാൻഡ് ആക്കി 27/12/1991 ൽ ലേലം സ്ഥിരീകരിക്കുകയും തുടർന്ന് പുറമ്പോക്കാക്കി മാറ്റുകയും ചെയ്ത, മലപ്പുറം ജില്ലയിലെ തിരൂർ താലൂക്ക് കാട്ടിപ്പരുത്തി വില്ലേജിൽ റീ.സർവ്വേ 213/1 ൽപ്പെട്ട 8 സെന്റ് ഭൂമി, കുടിശ്ശിക അടവാക്കുന്നതിൽ നിന്നും അപേക്ഷകനെ അർത്ഥനാധികാരി ഒഴിവാക്കിയിട്ടുള്ളതിനാലും ടിയാനെതിരെ റവന്യൂ റിക്കവറി നടപടികൾ നിലവിലില്ലാത്തതിനാലും, ഒരു പ്രത്യേക കേസായി പരിഗണിച്ച്, ഭൂമിയുടെ കമ്പോള വില ഈടാക്കാതെ അപേക്ഷകന് തിരികെ നൽകാമോ?